**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **30-06-2022 - ൽ മറുപടിയ്ക്ക്**

**തിരൂർ നിയോജകമണ്ഡലത്തിൽ പ്രവൃത്തി പൂർത്തിയാക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിൽ മൈനർ/മേജർ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തി പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | തിരൂർ നിയോജകമണ്ഡലത്തിൽ മൈനർ/മേജർ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തി പൂർത്തിയാക്കാനുള്ള പദ്ധതികൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | (ബി) | തിരൂർ നിയോജകമണ്ഡലത്തിൽ മൈനർ/മേജർ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തി പൂർത്തിയാക്കാനുള്ള പദ്ധതികൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത നിയോജകമണ്ഡലത്തിലെ പ്രവൃത്തി പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ? | (സി) | തിരൂർ നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതികളും നിലവിലെ സ്ഥിതിയും അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (എ)

മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഇനിയും പൂർത്തിയാക്കുവാനുള്ള പ്രവർത്തികൾ, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | Renovation of Ambalkulam in ward No. 2, in Kalpakancheri Panchayath | 28.10 | പ്രവൃത്തി എഗ്രിമെന്റ് വെച്ച് കരാറുകാരന് സ്ഥലം കൈമാറി. |
| 2 | Improvements to Puthilathukulam in ward No. 7 of Vettom Grama pamchayath | 48 | 2013 ൽ എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിച്ചെങ്കിലും സ്ഥല തർക്കം കാരണം പ്രവൃത്തി തുടരാൻ കഴിഞ്ഞിട്ടില്ല. |
| 3 | Construction of BD canal bund road and renovation of BD canal from Ch. 0.00 m of LIS Thirunavaya in Thirunavaya GP | 14.80 | പ്രവൃത്തി ചെയ്യാത്തതിനാൽ കരാറുകാരനെതിരെ നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |
| 4 | Re construction of AB canal from Ch. 467 m to 607m of LIS Thirunavaya in Thirunavaya GP | 20 | പ്രവൃത്തി എഗ്രിമെന്റ് വെച്ചു |
| 5 | SDRF Urgent repairs to Palathumkund VCB in Thirunavahya GP | 9.90 | പ്രവൃത്തി എഗ്രിമെന്റ് വെച്ചു. |
| 6 | SDRF urgent repair work of Cheerpumkund VCB across Cheerpumkund thadakam in Thirunavaya GP | 6.10 | പ്രവൃത്തി എഗ്രിമെന്റ് വെച്ചു. |

## **ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ**

| ക്രമ നം | പ്രവൃത്തി | തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമപഞ്ചായത്തിലെ പൊന്നാനി പുഴയ്ക്ക് കുറുകെ കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണിയും പുനരുദ്ധാരണവും | 7,35,12,629/- | 12% പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിലെ ചെമ്പിക്കല്ലിൽ ചെല്ലൂർ തോട്ടു കുറുകെയുള്ള ചെമ്പിക്കൽ ലോക്ക് കം ബ്രീഡിജിന്റെ അറ്റകുറ്റപ്പണികൾ | 15,31,573/- | 91% പൂർത്തീകരിച്ചു. |

<u>**അനുബന്ധം (ബി)**</u>

തിരൂർ നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതികളും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ പേര്, | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ജെ.ജെ.എം തിരുന്നാവായ ഫേസ് -2-സോൺ- 1 - പൈപ്പ് നീട്ടൽ, കണക്ഷനുകൾ നൽകുന്ന പ്രവൃത്തി | 30/09/2022 പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| 2 | ജെ.ജെ.എം തിരുന്നാവായ ഫേസ് - 2 - സോൺ - 2 പൈപ്പ് നീട്ടൽ, കണക്ഷനുകൾ നൽകുന്ന പ്രവൃത്തി | 30/06/2022 പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| 3 | ജെ.ജെ.എം ആതവനാട് ഫേസ് - 2 -പൈപ്പ് നീട്ടൽ കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി | 17/09/2022 പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| 4 | ജെ.ജെ.എം തലക്കാട് 1, 2, 4, 5, 6, 17 - വാർഡുകളിലെ പൈപ്പ് നീട്ടൽ, കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി | 9/11/2022 പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| 5 | ജെ.ജെ.എം കുറ്റിപ്പുറം, തിരുനാവായ, ആതവനാട്, മാറാക്കര - പൈപ്പ് ലൈൻ നീട്ടൽ, കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി. | ഈ പ്രവൃത്തി വഴി, തിരൂർ മണ്ഡലത്തിലെ തിരുനാവായ - 1902, ആതവനാട് 2856 - കുടിവെള്ള കണക്ഷനുകൾ നൽകുവാനും ആയത് 31/03/2024 ഓടുകൂടി പൂർത്തീകരിക്കാനും ലക്ഷ്യമിടുന്നു |
| 6 | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വളവന്നൂർ, കൽപകഞ്ചേരി എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | യഥാക്രമം 3202 എണ്ണം, 2927 എണ്ണം എന്നിങ്ങനെ ഗാർഹിക കണക്ഷൻ നൽകിയിട്ടു ണ്ട്. പഞ്ചായത്തുകളിലെ എല്ലാ വീടുകളിലേക്കും കണക്ഷൻ നൽകാൻ ആവശ്യമായ വിതരണ ശൃംഖല ടെൻഡർ ചെയ്ത പ്രവൃത്തികളിൽ ഇല്ലാതിരുന്നതിനാൽ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. വളവന്നൂർ പഞ്ചായത്തിലേയും, കൽപ്പകഞ്ചേരി പഞ്ചായത്തിലേയും പ്രവൃത്തികളുടെ ടെൻഡർ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ര ണ്ട് പഞ്ചായത്തുകളി ലേയും പ്രവൃത്തികൾ 2023 മെയ് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| 7 | ജെ.ജെ.എം തൃപ്രങ്ങോട്, മംഗലം, പുറത്തൂർ, വെട്ടം, തലക്കാട് എന്നീ | ഈ പദ്ധതിക്കായി 344.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിവിധ പാക്കേജുകൾക്ക് സാങ്കേതികാനുമതി |

| | | |
|---|---|---|
| | പഞ്ചയത്തുകൾക്കായി നിർമ്മിക്കുന്ന കുടിവെള്ള പദ്ധതി | നൽകി, ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതി 2024 ഡിസംബറോടുകൂടി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. |

കെ.ആർ.ഡബ്ല്യൂ.എസ്സ്.എ മുഖേന പൂർത്തീകരിച്ച ജലനിധി പദ്ധതിയിലെ ചില കുടിവെള്ള പദ്ധതികൾ വിവിധ കാരണങ്ങളാൽ ഭാഗികമായോ, പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യം നിലവിൽ വിലയിരുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം സാമൂഹ്യ ഉടമസ്ഥതയിലുള്ള ഈ സ്കീമുകൾ പുനരുദ്ധരിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനു സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചു "സുസ്ഥിരത പദ്ധതി" എന്ന പേരിൽ കെ.ആർ.ഡബ്ല്യൂ.എസ്സ്.എ മുഖേന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ മണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ പുനരുദ്ധാരണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| **ക്രമ നം** | **പദ്ധതിയുടെ പേര്** | **പൂർത്തിയാക്കാനാകുന്ന തീയതി** |
|---|---|---|
| 1 | കാനൂർ | 15/07/2022 |
| 2 | തായംപറമ്പ് | 15/07/2022 |
| 3 | ആനപ്പടി | 30/07/2022 |
| 4 | പടിഞ്ഞാറേ വേമണ്ണ | 15/07/2022 |
| 5 | പടിയം മങ്ങാട്ടുളി അയൽക്കൂട്ടം | 30/06/2022 |
| 6 | താണിക്കാട്ട് | 25/07/2022 |